1. നിലവിലുള്ള നികുതിനിരക്കനുസരിച്ച് പ്ലാനിലേക്കുള്ള വിഹിതം 12 കോടി രൂപ.

2. നികുതിവർദ്ധനവിൽനിന്നു പ്രതീക്ഷിക്കുന്ന തുക 4.8 കോടി രൂപ.

3. പൊതുജനങ്ങളിൽനിന്നു വായ്പ 11.0 കോടി രൂപ.

4. ഗവണ്മെൻറനിക്ഷേപങ്ങൾ വിപുലം 2.0 കോടി രൂപ.

പുതുതായി Betterment levy ഏർപ്പെടുത്തി 0.30 കോടി രൂപ ശേഖരിക്കാമെന്നും പ്രതീക്ഷിക്കുന്നുണ്ട്. താഴെ പറയുന്ന ഇനങ്ങളിൽ വർദ്ധിപ്പിച്ച നിരക്കിൽ 4.5 കോടി രൂപയും പ്രതീക്ഷിക്കുന്നു.

1.	വിപുലനനികുതി	0.9	കോടി രൂപ.
2.	കാർഷികാദായനികുതി	0.3	,,
3.	മുദ്രനികുതി	0.8	,,
4.	ജലനിരക്ക് (water rates)	0.7	,,
5.	ബസ്സുകളിൽ	1.8	,,
		4.5	

(സി) ബി വകുപ്പിൻെറ ഉത്തരത്തിൽനിന്നും ഈ വകുപ്പിനും ഉത്തരം ലഭിക്കുന്നതാണ്.

(ഡി) ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 12-3-56.

അക്രഡിറ്റഡ് പത്രങ്ങൾ.

77. [1] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തു് ആകെ എത്ര അക്രഡിറ്റഡ് പത്രങ്ങൾ ഇപ്പോഴുണ്ടു് ?

ഉത്തരം.

പതിനെട്ടു ദിനപ്പത്രങ്ങൾക്കും എട്ടു വാരികകൾക്കും അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടു്.

ക്രഡിറ്റബാങ്കു് വായ്പകൾ.

78. [2] ശ്രീ. ടി. ഒ. ബാവ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ ക്രഡിറ്റ ബാങ്കിൽനിന്നും 1954-55-ൽ എത്ര കടംവായ്പകൾ നൽകിയിട്ടുണ്ടു് ;

(ബി) 1954-55-ൽ മൊത്തം വായ്പ കൊടുത്ത തുക എന്തു് ;

(സി) 5000 രൂപയും അതിൽ താഴെയുമായി എത്ര വായ്പ കൊടുത്തിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിന്റെ മൊത്തം തുക എന്ത് ;

(ഇ) കന്നത്തുനാട്ടുതാലൂക്കിൽനിന്നും 1954-55-ൽ എത്ര വായ്പാ അപേക്ഷകൾ ഉണ്ടായിരുന്നു ;

(എഫ്) ഈ താലൂക്കിലെ അപേക്ഷകർക്ക് 54-55-ൽ എത്ര വായ്പ കൊടുത്തിട്ടുണ്ട് ;

(ജി) അതിന്റെ മൊത്തം തുക എന്ത് ?

ഉത്തരം.

(എ) 162.
(ബി) മൊത്തം 8,57,600 ക.
(സി) ആകെ 132.
(ഡി) 3,85,750 ക.
(ഇ) 5.
(എഫ്) ആർക്കും കൊടുത്തിട്ടില്ല.
(ജി) മുൻപു പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

Anglo-Indians who have passed the B. L. Degree Examination.

79. [4] SHRI A. A. D. LUIZ. : Will the Chief Minister be pleased to state : the exact number of Anglo-Indians that have passed out the B. L. Degree Examination of the University of Travancore during the years 1951–52, 1952-53, 1953–54 and 1954–1955.

Answer.

The number of Anglo-Indian students who have passed the B. L. Degree Examination during these four years is given below :

Year	*No. of Candidates.*
1951–52	One
1952–53	One
1953–54	Nil
1954–55	Nil

എച്ച്. ആൻഡ് സി. എൻജിനീയറിംഗ് വർക്ഷാപ്പിലെ തൊഴിലാളികളുടെ പരാതി

80. [6] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-ലെ തൊഴിൽത്തർക്കഭേദതീർപ്പു നിയമപ്രകാരം ലഭിക്കാനുള്ള ലേ ആഫ് നഷ്ടപരിഹാരം ഇടാക്കിത്തരണമെന്ന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly